## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം **നമ്പർ : * 255** **10.03.2017** ൽ മറുപടിയ്ക്ക്

### ഭൂരഹിതരുടെ പ്രശ്നം പരിഹരിക്കാൻ പദ്ധതി

**ചോദ്യം**

**ശ്രീ. പി.വി. അൻവർ**
**ശ്രീ.കെ. ബാബു**
**ശ്രീ.എസ്.രാജേന്ദ്രൻ**
**ഡോ.വി. അബ്ദുറഹിമാൻ**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | 2015 അവസാനത്തോടെ കേരളം ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുമെന്ന് മുൻ സർക്കാർ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥത്തിൽ ഭൂമി ലഭിച്ചവർ എത്രയെന്ന് അറിയിക്കാമോ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളിൽ 58,398 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിരുന്നു. ഇതിൽ 30650 ഭൂരഹിത കുടുംബങ്ങൾക്ക് നാളിതുവരെ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഭൂരഹിതരുടെ പ്രശ്നം സമയബന്ധിതമായി പരിഹരിക്കുന്നതിന് ഈ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | പദ്ധതി പ്രകാരം നൽകിയ ഭൂമിയെ സംബന്ധിച്ച് നിരവധി ആക്ഷേപങ്ങൾ ഉയർന്ന് വന്നിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പദ്ധതി പ്രകാരമുള്ള ഗുണഭോക്തൃ ലിസ്റ്റിൽ അവശേഷിക്കുന്നവരെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്താനും സർക്കാർ ആലോചിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ ടോട്ടൽ ഹൗസിംഗ് മിഷൻ (ലൈഫ്) പ്രഖ്യാപിച്ചിരിക്കുന്നതിനാൽ സീറോ ലാന്റ് ലെസ് പദ്ധതി അതിന്റെ ഭാഗമായി മാറുമോ; ലൈഫ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന ലൈഫ് (സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി )വഴി അടുത്ത അഞ്ച് വർഷം കൊണ്ട് കേരളത്തിലെ മുഴുവൻ ഭൂരഹിത-ഭവനരഹിതർക്കും സുരക്ഷിതത്വമുള്ള ഭവനം, ജീവനോപാധി എന്നിവ ഉറപ്പാക്കാൻ ലക്ഷ്യമിടുന്നു. പദ്ധതിയുടെ വിശദമായ രൂപരേഖ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 9/02/2017-ലെസ:ഉ:(സാധാ)നം:391/ 2017/ത:സ്വ:ഭ:വ:പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ